സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള മാവേലി സ്റ്റോറുകൾ, ലാഭം മാർക്കറ്റുകൾ, മൊബൈൽ മാവേലി സ്റ്റോറുകൾ എന്നീ വിപണന കേന്ദ്രങ്ങളിലൂടെ സർക്കാർ നിശ്ചയിച്ച വിലയിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. കൂടാതെ 1500 തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം നടത്തുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്തി വരുന്നു.

(ബി), (സി) 2002 സെപ്റ്റംബർ, ഒക്ടോബർ, നവംബർ കാലയളവിലെ പർച്ചേസിനെ കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരുന്നു.

(ഡി) ടെണ്ടർ നടത്തുന്നതിന് പരിഷ്കാരങ്ങൾ വരുത്തി. ഇ-ടെണ്ടർ വഴി രാജ്യത്തിന് ഏതു ഭാഗത്തുനിന്നും എല്ലാവർക്കും ടെണ്ടറുകളിൽ പങ്കെടുക്കുന്നതിനും ടെണ്ടർ വിവരങ്ങൾ ലഭ്യമാകുന്നതിനും ഉതകുന്ന രീതിയിലാക്കി പർച്ചേസ് മാനുവൽ, ക്വാളിറ്റി മാനുവൽ, പ്രൈസ് മാനുവൽ ഇവ പ്രസിദ്ധീകരിച്ചു. റീജിയണൽ ഡിപ്പോയിൽ കമ്മിറ്റികൾ രൂപീകരിച്ച് ലോക്കൽ പർച്ചേസിന് അധികാരം കൈമാറി.

(ഇ) മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാണ്.

സപ്ലൈകോ

63 [1960] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയിൽ റീജിയണൽ ടെണ്ടർ വഴി ഓർഡർ നൽകി സാധനം വാങ്ങിയതിൽ അഴിമതി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) കോർപ്പറേഷന്റെ ക്വാളിറ്റി വിംഗ് വിതരണ യോഗ്യമല്ല എന്ന് സർട്ടിഫൈ ചെയ്ത കലർപ്പുള്ള 2 എം. എം. ചെറുപയർ സംസ്ഥാനത്ത് വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭക്ഷ്യമേഖലയിലെ ഗുരുതരമായ പ്രസ്തുത അനാസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ പി. എഫ്. എ. ആക്ട് നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ഒരു കാളിറ്റി മാനുവലും അടുത്ത കാലത്ത് രൂപപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

നൂറു ദിവസത്തെ കർമ്മ പരിപാടി

64 [1961] ശ്രീ. കെ. സുധാകരൻ :
ഡോ. എം. വി. കുട്ടപ്പൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. പി. ഗംഗാധരൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ നിലവിൽവന്നശേഷം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിനെ സംബന്ധിച്ച് നൂറു ദിവസത്തെ കർമ്മ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത് ;

(ബി) അതിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കി എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ കുടിശ്ശികയായ ഫയലുകൾ അടിയന്തിരമായി തീർപ്പാക്കാനും 114400 കുടുംബങ്ങളെ അന്ത്യോദയ പദ്ധതിയിൽ കൂടുതലായി ഉൾപ്പെടുത്താനും വകുപ്പിലെ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.യെ അറിയിക്കാനും തീരുമാനിച്ചു. ടി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ താഴെപ്പറയുന്ന പരിപാടികളാണ് 100 ദിവസത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

(i) 20 ലാഭം സ്റ്റോറുകൾ, 5 മാവേലി സ്റ്റോറുകൾ, 5 മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുക ;

(ii) കുടുംബശ്രീ ഉൽപ്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പന ശാലകളിലൂടെ വിതരണം ചെയ്യുക ;

(iii) റേഷൻ കടകളെ ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത്, ടി കടകളിലൂടെ സപ്ലൈകോയുടെ മാവേലി സാധനങ്ങൾ, ശബരി ബ്രാന്റ് ഉൽപ്പന്നങ്ങൾ, മറ്റ് എഫ്. എം. സി. ജി. ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly